Mr. V. K. Aravindaksha Menon *(Chief Engineer):* Are we not on another question, Sir?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആമ്പല്ലൂർ ടെക്സ്റ്റയിൽസിൽ ഫാക്ടറികളാണ് ലാറ്ററിൻസിനുള്ളത്. അത് അവിടെ കുടുംബസമേതം താമസിക്കുന്നവർക്ക് മാത്രമുള്ളതോ അതോ ലൈനിൽ താമസിക്കാത്ത മറ്റുള്ളവർക്കും കൂടിയുള്ളതോ; ലൈനിൽ കുടുംബമായി താമസിക്കുന്ന കുലിക്കാർക്കും മറ്റുള്ള കുലിക്കാർക്കുകൂടി ഉപയോഗിക്കാനുള്ളതാണെങ്കിൽ ഈ പന്ത്രണ്ടു മുറികൾക്കു പുറമെ കൂടുതൽ ലാറ്ററിൻസ് പണിയേണ്ടതാണെന്നുള്ള വിവരം ഗവൺമെന്റിനു മനസ്സിലായിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ലാറ്ററിൻസ് പോരാ എന്നുള്ളകാര്യം മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് കൂടുതലായി പണിയുവാനായി അവരോട് പറഞ്ഞിട്ടുമുണ്ട്.

Mr. A. B. Salem: Are any latrines made communal in the Cochin State?

Mr. V. K. Aravindaksha Menon *(Chief Engineer):* I have no information.

Mr. C. R. Iyyunni *(Trichur-South):* Are there not separate latrines for males and females?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes.

Mr. A. B. Salem *(Mattancheri):* From where is the water supplied in these Mills?

Mr. V. K. Aravindaksha Menon *(Chief Engineer):* From wells.

Mr. C. R. Iyyunni *(Trichur-South):* Have there been any complaints regarding shortage of water in any of these factories?

Mr. V. K. Aravindaksha Menon *(Chief Engineer):* No.

Mr. C. R. Iyyunni *(Trichur-South):* So you say, taps are provided in all sections?

Mr. V. K. Aravindaksha Menon *(Chief Engineer):* Water is stored in the tanks and by pipe connections it is being supplied to the various sections.

Mr. V. K. Bhaskara Menon *(Cranganur):* When was the instruction issued to the management of the Textiles to provide more seats?

Mr. V. K. Aravindaksha Menon *(Chief Engineer):* I want notice.

KOLE CULTIVATION—INVESTIGATION BY EXPERTS

295. മിസ്റ്റർ സി. കുഞ്ഞൻനമ്പൂതിരിപ്പാട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു മറുപടി പറയുമോ:—

(എ) ഫാമിനെ ബഡ്ജറ്റു യോഗാവസരത്തിൽ കോൾകൃഷിയെക്കുറിച്ചു വാദപ്രതിവാദം നടത്തിയ അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കോഠംകൃഷിസമ്പ്രദായം വളരെ വിഷമമേറിയതാണെന്നും അതിന്റെ വിവിധവശങ്ങളേയും കുറിച്ച് ഒരു വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിക്കുവാൻ ഉദ്ദേശമുണ്ടെന്നും ദിവാൻ പ്രസിഡണ്ട് പറഞ്ഞിട്ടുള്ളതനുസരിച്ച് വല്ല വിദഗ്ധനേയും വരുത്തി അന്വേഷണം നടത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ വിദഗ്ധൻ ആരായിരുന്നു, അന്വേഷണഫലം എന്താണ് ;

(സി) ഇല്ലെങ്കിൽ അങ്ങിനെ ഒരു അന്വേഷണം നടത്താതിരിക്കുവാൻ കാരണമെന്താണ് ;

(ഡി) കോഠംകൃഷിയെ സംബന്ധിച്ചുള്ള ഇന്നത്തെ വിഷമപ്രയത്നം ഏതുവിധത്തിലാണ് ഗവമ്മെണ്ട് പരിഹരിക്കുവാനുദ്ദേശിക്കുന്നത് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) കോഠംകൃഷിസമ്പ്രദായത്തിന്റെ വിവിധവശങ്ങളെ ഒരു വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിക്കുവാൻ ഉദ്ദേശമുണ്ടെന്നു പറഞ്ഞിട്ടില്ല.

(ബി), (സി) മേൽപറഞ്ഞതിൽനിന്നു ഉത്തരം ആവശ്യമില്ല.

(ഡി) ഇക്കാര്യത്തിൽ ഒരു തീരുമാനം ചെയ്തിട്ടില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കോഠംകൃഷി ചെയ്യുന്ന ആളുകൾ അനവധിയുണ്ടെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വെള്ളം സമൃദ്ധിയായിട്ടില്ലാത്തപക്ഷം അനവധി ഏക്കർ സ്ഥലം വേണ്ടപോലെ കൃഷി ചെയ്യുവാൻ സാധിക്കുകയില്ലെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വളരെ ഉപദ്രവം കൂടാത്ത നിലയിൽ കൃഷി നടത്തുന്നതായിട്ടാണ് ഗവമ്മെണ്ടിന്റെ അറിവ്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സംഗതിയിൽ ഗവമ്മെണ്ടിന്റെ ദൃഷ്ടി പതിയേണ്ടതുണ്ടെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ കൃഷി നല്ലവണ്ണം നോക്കി ചെയ്യേണ്ട ഒന്നാണെന്നാണ് ഗവമ്മെണ്ട് ധരിച്ചിട്ടുള്ളത്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വെള്ളം സമൃദ്ധിയായിട്ടുണ്ടായാൽ ഇപ്പോഴത്തതിലും വളരെയധികം വിളവു കിട്ടുമെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോഴത്തെ നിലയിൽ കൂടുതലായി ഇംപ്രൂവ്മെന്റൊന്നും വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വെള്ളം സമൃദ്ധിയായി കിട്ടാത്തതുകൊണ്ട് പലപ്പോഴും കൃഷിക്കു ദോഷം വരാറില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇടക്കുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ കോൾ കൃഷിചെയ്തുകൊണ്ട് ഉപജീവനം കഴിക്കുന്ന ആളുകൾ എത്ര പേരുണ്ട്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വളരെയധികമുണ്ട്.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: തൃശ്ശൂർ കോൾ കൃഷിയെ സംബന്ധിച്ചു വല്ല റക്കമെൻഡേഷനും ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: അതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആലോചിക്കുന്നുണ്ട്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കോൾ കൃഷി ചെയ്യുന്ന എത്ര ഏക്കർ സ്ഥലങ്ങളുണ്ട്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പതിനായിരം ഏക്കറോളമുണ്ട്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: സ്കീമിന്റെ സ്വഭാവമെന്താണ്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കോൾ കൃഷിക്കു വേണ്ട വെള്ളം രണ്ടു മൂന്നു ദിക്കുകളിൽ ശേഖരിക്കുക എന്നുള്ളതാണ്. ഒന്ന് മുള്ളൂർ കായലിൽ, വേറൊന്ന് കണിമംഗലത്തു്. ഇവിടെ സ്ഥലം പോരാത്തവന്നാൽ ശവമ്മെണ്ടിൽ നിന്നും പാട്ടുവിലെടുത്തു് വെള്ളം ശേഖരിക്കുകയും, ആവശ്യംപോലെ വിട്ടുകൊടുക്കുകയും ചെയ്യുക എന്നതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു കാലത്തു നാവിഗേഷൻ കനാലായിരുന്ന പഴവിൽ തോട് താഴ്ത്തിയാൽ ജലക്ഷാമത്തിനു് നിവാരണമുണ്ടാക്കാമെന്ന ശവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ജലക്ഷാമത്തിനു് അതുകൊണ്ടു് പരിഹാരമുണ്ടാകുമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്നാലും ഭാഗത്തെ ജലക്ഷാമമെങ്കിലും തീരുകയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിലേക്കു വേണ്ടി ചിലവു ചെയ്യുന്നതു ഫലം ഉണ്ടാകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നാവിഗേഷന്റെ ആവശ്യത്തിനു പുറമെ കുറെ സ്ഥലത്തേക്കുള്ള ഇറിഗേഷൻ ആവശ്യമെങ്കിലും നടത്താമല്ലോ.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതും പ്രയാസമാണ്. കൃഷിക്കാവശ്യമുള്ള വെള്ളം അതുകൊണ്ടു് കിട്ടുകയില്ലെന്നു മാത്രമല്ല വേനൽകാലത്തു തീരെ വെള്ളം ഉണ്ടായിരിക്കയുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ ആ തോട്ടിൽ മണ്ണു വീണു നികന്നു കിടക്കുന്നതുകൊണ്ടാണ് കുംഭമാസത്തിൽ അവിടെ വെള്ളം തീരെ വറ്റിപ്പോകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചില ദിക്കിൽ വരും.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കോൾകൃഷിക്കു ദോഷം നേരിട്ടാൽ വടക്കൻതാലൂക്കിലുള്ളവക്കു പട്ടിണിയാകുകയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: അങ്ങിനെ പട്ടിണി കൂടാതെയിരിക്കുവാൻ വേണ്ടതു ചെയ്യേണ്ട ചുമതല ഗവൺമെണ്ടിനില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കോൾകൃഷിക്കു അത്രത്തോളം നാശങ്ങൾ അധികം വരാറില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: പറയത്തക്കവിധത്തിൽ നാശമൊന്നും വരാറില്ലെന്നോ തീരെ നാശമുണ്ടാകുന്നില്ലെന്നോ എന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇടക്കു് ഒരിക്കലൊ മറെറാ നാശം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: കോൾ കൃഷിക്കു ദോഷം സംഭവിച്ചിട്ടു് എത്ര കൊല്ലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പത്തിരുപതു കൊല്ലം മുമ്പു് കുറെ അപകടത്തിലായിരുന്നു. പത്തു കൊല്ലത്തിനിപ്പുറം യാതൊരു ദോഷവും സംഭവിച്ചിട്ടില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കോൾകൃഷിയുടെ കാര്യത്തിൽ എന്തെങ്കിലും രക്ഷചെയ്യണമെന്നുള്ള വിഷയം ഈ കൌൺസിലിന്റെ ശ്രദ്ധയിൽ പെടുത്തിട്ടു എത്ര കൊല്ലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: 40 കൊല്ലത്തിനു മുമ്പുണ്ടായിരുന്നു. ഏനാമാവു കെട്ടിൽ വെള്ളം ശരിക്കു ശേഖരിക്കുകയാണെങ്കിൽ കഷ്ടിച്ചു കഴിച്ചുകൂട്ടുവാനുള്ള വെള്ളം കിട്ടും.

മിസ്റ്റർ എ. ഈച്ചരമേനോൻ: വെള്ളം കെട്ടി നിറുത്തുവാനുള്ള സ്ഥലത്തിന്റെ പാട്ടം ഗവൺമെണ്ടു് കൊടുക്കേണ്ടേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വേണം, അതു് ഇറിഗേഷൻ സ്കീമനുസരിച്ചു് അഡീഷനലായി ഒരു ടാക്സു് വസൂലാക്കണമെന്നാണു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇതിലേക്കു് ഗവൺമെണ്ടു് കുറെ ബുദ്ധിമുട്ടിയെങ്കിലും കൃഷിക്കാർക്കു രക്ഷ ചെയ്തു കൊടുക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെയാണു് ചെയ്തുവരുന്നതു്.

മിസ്റ്റർ എ. എൽ. അൻറണി: മുരിയാട് കോൾ കൃഷിയുടെ കാര്യത്തിൽ ഗവൺമെണ്ടിൽ നിന്നും എന്തെങ്കിലും രക്ഷ ചെയ്യുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മുരിയാട് കോൾ കൃഷി തൃശ്ശൂരിലെ കോൾ കൃഷിയേക്കാൾ കുറെ ബുദ്ധിമുട്ടുള്ളതാണു്. അവിടെ ആവശ്യമുള്ള വെള്ളം അഡീഷനൽ വാട്ടർ സെസ്സു് ഇല്ലാതെ ശരിക്കു കൊടുക്കുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പയ്യൂർ അച്യുതമേനോൻ: കോൾ കൃഷിയെന്നു പറയുമ്പോൾ തൃശ്ശൂർ കോൾ കൃഷിയെന്നാണോ ഗവമെന്റ് മനസ്സിലാക്കിട്ടുള്ളത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: സാധാരണ കോൾ കൃഷിയെന്നു പറയുന്നതു് തൃശ്ശൂർ കോൾ കൃഷിയെപ്പറ്റിയാണു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: തലപ്പിള്ളി താലൂക്കിൽ കോൾ കൃഷി ചെയ്യുന്നുണ്ടെന്നു ഗവമെന്റിനറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ഇരുന്നോളം സ്ഥലങ്ങളിൽ കോൾ കൃഷിയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മുള്ളൂർ കായലിന്റെ വടക്കുഭാഗത്തു വെള്ളം കെട്ടി നിറുത്തി ആവശ്യമനുസരിച്ചു കുറേശ്ശെ കുറേശ്ശെയായി വെള്ളം വിട്ടു കൊടുക്കാമെന്നുള്ള പദ്ധതി നല്ലതാണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇതു നല്ലതായ ഒരു സ്കീം ആണു്. പക്ഷെ ഒരു ടിക്കിൽ മാത്രം വെള്ളം നിത്തിയതുകൊണ്ടു മതിയാകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആ സ്കീം നടപ്പിൽ വരുത്തിയാൽ ഗവമെന്റിനു എന്താണു് ദോഷം വരുവാനുള്ളതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സുപ്രണ്ടായിരുന്ന ഐ. രാമൻ മേനോൻ പെൻഷൻ പറ്റി പിരിഞ്ഞതിനുശേഷം എന്തെങ്കിലും സ്കീം ഗവമെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മുണ്ടകൻ കൃഷി ഭൂമിയിൽ വെള്ളം കെട്ടി നിറുത്തി കോളിനു് ഉപയോഗിക്കത്തക്കവിധത്തിലാക്കുവാൻ ആണു് മിസ്റ്റർ രാമൻമേനവന്റെ സ്കീം.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: നടത്തോട്ട സ്കീം ഇതിലേക്കു ഉപയോഗിക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉപയോഗിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതുവരെ എത്ര കോൾ കൃഷി കമ്മിറ്റിയെ ഗവമെന്റു് നിയമിച്ചിട്ടുണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒന്നു രണ്ടു കമ്മിറ്റിയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കോൾ കൃഷി സമ്പ്രദായത്തിന്റെ വിവിധവശങ്ങളെ ഒരു വിദഗ്ദ്ധനെക്കൊണ്ടു് പരിശോധിപ്പിക്കുവാൻ ഉദ്ദേശമുണ്ടെന്നു പറഞ്ഞിട്ടില്ല എന്നു മറുപടി പറഞ്ഞിരിക്കുന്നു. അതു പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു് ഗവമെന്റു് സമ്മതിച്ചിട്ടുണ്ടോ? അന്നത്തെ പ്രൊസീഡിംഗ്സിൽ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ കാര്യത്തിൽ ഗവമെന്റിനു് അധികം പണച്ചിലവില്ലെങ്കിൽ സ്കീം നടപ്പിൽ വരുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നോക്കാം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോക്കിയാൽ പോരാ, ചെയ്യണം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചെയ്യാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇതിനെ വിശദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

Deputy President: That question has already been answered.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ആവശ്യമുണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ എന്നാണു് ചോദിക്കുന്നതു്. ഉദ്ദേശമുണ്ടെന്നു പറഞ്ഞിട്ടില്ല എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ആവശ്യമുണ്ടെന്നു ബോദ്ധ്യമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആവശ്യമാണു്.

Mr. A. B. Salem *(Mattancheri):* Are there any experts in Kole Cultivation in Cochin?

Mr. V. K. Aravindaksha Menon *(Chief Engineer):* Engineers, experienced in Irrigation work can deal with this matter.

Mr. K. Kochukunhan Kaimal *(Vadakkancheri):* Will the Government be pleased to appoint an expert Irrigation Engineer to examine the whole question and suggest measures to remedy the present hardships?

Mr. V. K. Aravindaksha Menon *(Chief Engineer):* The question will be considered.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ ഇറിഗേഷൻ കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടു് എത്ര കാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒരു മാസമായി.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ആ സ്കീം സ്വീകരിക്കുവാൻ ഗവമ്മെണ്ടിനു വല്ല പ്രതിബന്ധവുമുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതല്ലെ ആലോചിക്കുന്നുണ്ടെന്നു പറഞ്ഞതു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ ഒരു മാസം വരെ നോക്കിട്ടു് അതിന്റെ ഫലമെന്തായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പല കാര്യങ്ങളും നോക്കുവാനുണ്ടു്.

NARAKKAL DISPENSARY—PROVISION FOR BEDS, ETC.

296. Mr. M. L. Joseph *(Latin Christians-Cranganur):* Will the Government be pleased to state.—

(*a*) what is the daily attendance of the out-patient department of the Narakkal Dispensary;

LIBRARY ARCHIVES Kerala Legislative Assembly